(സി) ഈ പാർലറുകളിലുള്ള ഡോക്ടർമാരും മസാജ് നടത്തുന്നവരും ആയുർവേദ വിധിപ്രകാരമാണോ അതോ മറ്റേതെങ്കിലും വൈദ്യശാസ്ത്രത്തിലെ വിധി പ്രകാരമാണോ മസാജ് നടത്തുന്നത് ;

(ഡി) പ്രസ്തുത പാർലറുകളിലെ ഡോക്ടർമാർക്കും മസാജ് ചെയ്യുന്നവർക്കും ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പാർലറുകളിലെ ജീവനക്കാരുടെ യോഗ്യത, പരിചയം എന്നിവ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും ജില്ലാ മെഡിക്കൽ ഓഫീസിലും നിർണ്ണയിക്കപ്പെട്ട പ്രകാരം രജിസ്റ്റർ ചെയ്യുവാൻ ഏർപ്പാടുണ്ടാക്കുമോ ;

(എഫ്) പ്രസ്തുത പാർലറുകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് പരിശോധിക്കുവാൻ അധികാരം നൽകുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഒമ്പത് കേന്ദ്രങ്ങൾ കോവളം പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ടൂറിസം വകുപ്പിന്റെ അംഗീകാരം നൽകുന്ന കേന്ദ്രങ്ങളിൽ ആയുർവേദ വിധിപ്രകാരമാണ് ക്രിയാക്രമങ്ങൾ നടത്തുന്നത് എന്ന് ഉറപ്പുവരുത്തിയശേഷമാണ് അംഗീകാരം നൽകുന്നത്.

(ഡി) ടൂറിസം വകുപ്പ് ലൈസൻസ് നൽകാറില്ല. എന്നാൽ ഈ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും മാസ്സിയർമാർക്കും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള നിശ്ചിത യോഗ്യത ആവശ്യമാണ്.

(ഇ, എഫ്) ഇതുസംബന്ധിച്ച് ഒരു സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പെരുവണ്ണാമൂഴിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതി

83 [1980] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പോയിന്റായി പരിഗണിക്കപ്പെട്ട പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനത്തിന് ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അറിയിക്കാമോ;

(സി) പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കാൻ ഇറിഗേഷൻ-വനം വകുപ്പുകളെകൂടി സഹകരിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, & സി) പെരുവണ്ണാമൂഴിയുടെ വിനോദസഞ്ചാര വികസനം സംബന്ധിച്ച ഒരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുവരുന്നു. ജലസേചനം, വൈദ്യുതി, വനം എന്നീ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതിനായി ഒരു ഉന്നതതല യോഗം മാർച്ച് രണ്ടാം തീയതി വിളിച്ചുകൂട്ടിയിരുന്നു. ഇക്കോ ടൂറിസം ഡയറക്ടർ വിശദമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനും ജലവിഭവ, ടൂറിസം സെക്രട്ടറിമാർ പ്രസ്തുത പദ്ധതി പരിശോധിച്ച് വീണ്ടും ഉന്നതതല യോഗം ചേർന്ന് അന്തിമ തീരുമാനമെടുക്കുന്നതുമാണ്.

കണ്ണൂർ ജില്ലയിലെ ടൂറിസം വികസന പദ്ധതി

84 [1981] ശ്രീ.എം.വി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത്, മീൻകുന്ന് ബീച്ച് എന്നിവയുൾപ്പെട്ട സർക്യൂട്ടിനായി എന്തെങ്കിലും ടൂറിസം വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന ടൂറിസം വികസന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച്, ധർമ്മടം തുരുത്ത് മീൻകുന്ന് ബീച്ച് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ടിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മുഴപ്പിലങ്ങാട് ബീച്ചിലും, മീൻകുന്ന് ബീച്ചിലും ലാന്റ് സ്കേപ്പിംഗ്, ബീച്ച് നടപ്പാതകൾ, വൈദ്യുതാലങ്കാരം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ബീച്ചുകളായി വികസിപ്പിക്കുന്നതിനാണ് പദ്ധതി. ധർമ്മടം തുരുത്ത് ഒരു ഹൈവാല്യൂ ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തുരുത്തിന്റെ പരിസ്ഥിതിക്ക് യാതൊരു കോട്ടവും വരാത്തവിധത്തിലുള്ള പരിസ്ഥിതി-സൗഹൃദവികസനമാണ് ധർമ്മടം തുരുത്തിൽ ഉദ്ദേശിക്കുന്നത്. തുരുത്തിൽ സ്ഥിരമായ കെട്ടിടങ്ങളൊന്നും ഉദ്ദേശിക്കുന്നില്ല. തുരുത്തിനുചുറ്റും ഫ്ളോട്ടിംഗ് കോട്ടേജുകൾ തുരുത്തിൽ ടെന്റുകൾ, നടപ്പാതകൾ സൈക്കിളിംഗ് ട്രാക്കുകൾ, മാൻഗ്രൂവ് പ്ലാന്റേഷൻ, ബോട്ട് ജെട്ടി, സഫാരി ബോട്ടുകൾ എന്നിവയൊക്കെയാണ് പ്രധാന വികസന ഘടകങ്ങൾ. തുരുത്തിനെ പ്രകൃതിക്കനുയോജ്യമായ വിധത്തിൽ ലാന്റ്സ്കേപ്പിംഗ് നടത്തി സുന്ദരമാക്കും. മൊത്തം 8 കോടി രൂപയാണ് ഈ സർക്യൂട്ട് വികസനത്തിന്റെ എസ്റ്റിമേറ്റ്. പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അടുത്ത സാമ്പത്തിക വർഷത്തെ ധനസഹായം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly